# AMCSFNCK – Instructions on Online Application for Admission to M.Sc., Post Basic B.Sc. & B.Sc. Nursing 2023

## എം.എസ്.സി./ പോസ്റ്റ് ബേസിക്ക് ബി.എസ്.സി./ ബി.എസ്.സി. നഴ്സിംഗ് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ

**അസ്സോസിയേഷനിൽ അംഗങ്ങളായ 34 ക്രൈസ്തവ നഴ്സിംഗ് കോളെജുകളിൽ എം.എസ്.സി. / പോസ്റ്റ് ബേസിക്ക് ബി.എസ്.സി. / ബി.എസ്.സി. നഴ്സിംഗ് കോഴ്സുകൾക്ക് 2023–24 വർഷത്തിലേക്ക് 50 ശതമാനം സീറ്റുകളിൽ, എൻ.ആർ.ഐ. വിഭാഗം ഒഴികെയുള്ള സീറ്റുകളിലേക്ക് ഏകജാലക സംവിധാനത്തിലുള്ള പ്രവേശനത്തിനായി അസ്സോസിയേഷന്റെ വെബ്സൈറ്റുവഴി ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു:**

1. അസോസിയേഷന്റെ വെബ്സൈറ്റിലെ (www.amcsfnck.com) അഡ്മിഷൻ ലിങ്കിൽ ക്ലിക്ക് ചെയ്ത ശേഷം വിദ്യാർഥിയുടെ സ്വന്തം **ഇ–മെയിൽ വിലാസവും ജനന തീയതിയും ഫോൺ നമ്പറും ഉപയോഗിച്ച് ആദ്യം രജിസ്റ്റർ ചെയ്യണം.**

2. രജിസ്റ്റർ ചെയ്ത **ഫോൺ നമ്പറിലും ഇ–മെയിൽ വിലാസത്തിലും നിങ്ങൾക്ക് ലോഗ്–ഇൻ ചെയ്യാനുള്ള യൂസർ ഐ.ഡിയും പാസ്വേർഡും** ഉടനെ അയച്ചുതരും.

3. നിങ്ങളുടെ ഫോൺ നമ്പറിലോ അല്ലെങ്കിൽ ഇ–മെയിൽ വിലാസത്തിലോ ലഭിക്കുന്ന **യൂസർ ഐ.ഡിയും പാസ്വേർഡും ഉപയോഗിച്ച് ലോഗ്–ഇൻ ചെയ്ത്, പുതിയ പാസ്വേർഡ് ഉണ്ടാക്കി ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുക** (പുതിയ പാസ്വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതാണ്).

4. **ഓൺലൈൻ അപേക്ഷയിലെ എല്ലാ വിവരങ്ങളും കൃത്യമായി പൂരിപ്പിച്ച്, ഓൺലൈൻ അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ സ്കാൻ ചെയ്ത കോപ്പി Upload ചെയ്തതിനു ശേഷം മാത്രമേ ഏറ്റവും അവസാനത്തിലുള്ള Submit ബട്ടൺ ഉപയോഗിച്ച് അപേക്ഷ ഓൺലൈനായി സമർപ്പിക്കാവൂ.** Submit ബട്ടൺ ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ പിന്നീട് അപേക്ഷകന് തന്റെ അപേക്ഷയിൽ യാതൊരു മാറ്റവും വരുത്താൻ സാധിക്കുകയില്ല എന്ന് പ്രത്യേകം ഓർമിക്കുക.

5. ഓൺലൈനായി അപേക്ഷ വിജയകരമായി സമർപ്പിച്ചു കഴിഞ്ഞാൽ അപേക്ഷ PDF File ആയി പൂർണ്ണ രൂപത്തിൽ കാണുവാൻ കഴിയും, ആ പേജിന്റെ പ്രിന്റ് എടുക്കുകയും ചെയ്യാം. അപേക്ഷകന്റെ email ൽ ലഭിക്കുന്ന ലിങ്ക് ഉപയോഗിച്ച് അപേക്ഷ വീണ്ടും കാണാവുന്നതാണ്.

6. **അപേക്ഷയുടെ പ്രിന്റ്–ഔട്ട് അസ്സോസിയേഷൻ ഓഫീസിലൊ കോളേജുകളിലൊ സമർപ്പിക്കേണ്ടതില്ല. അപേക്ഷയും പ്രോസ്പെക്ടസിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകളുടെ സ്കാൻ ചെയ്ത കോപ്പികളും ഓൺലൈനായി മാത്രമാണ് സമർപ്പിക്കേണ്ടത്.**

7. പ്രവേശന നടപടിക്രമങ്ങളിൽ ഉപയോഗിക്കുന്നതിന്, **നിങ്ങളുടെ യൂസർ ഐ.ഡി.യും, പാസ്‌വേർഡും തുടർന്നും സുരക്ഷിതമായി സൂക്ഷിക്കുകയും** ഉപയോഗിക്കുകയും ചെയ്യുക.

8. അസോസിയേഷന്റെ കീഴിലുള്ള എല്ലാ കോളെജുകളിലേക്കും മാനേജ്മെന്റ് കാറ്റഗറിയിൽ ഓപ്പൺ മെറിറ്റ് വിഭാഗത്തിലും കമ്മ്യൂണിറ്റി മെറിറ്റ് വിഭാഗത്തിലും പ്രവേശനത്തിന് ഒരൊറ്റ ഓൺലൈൻ അപേക്ഷ മാത്രം നൽകിയാൽ മതി.

## ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുമ്പോൾ ആവശ്യമുള്ള കാര്യങ്ങൾ:

1. ആക്ടീവായ ഒരു ഇ–മെയിൽ വിലാസവും മൊബൈൽ ഫോൺ നമ്പറും.

2. പ്രോസ്പെക്ടസിൽ നിർദ്ദേശിക്കന്നതു പോലെയുള്ള പാസ്പോർട്ട് സൈസ് ഫോട്ടോയുടെ സ്കാൻ ചെയ്ത കോപ്പി, അപേക്ഷയോടൊപ്പം upload ചെയ്യേണ്ട രേഖകളുടെ സ്കാൻ ചെയ്ത കോപ്പി എന്നിവ നേരത്തെ തയ്യാറാക്കി വയ്ക്കുക.

3. **അപേക്ഷാ ഫീസ്:** എം.എസ്.സി. നഴ്സിംഗിന് 1,000/– രൂപയും ബി.എസ്.സി., പോസ്റ്റ് ബേസിക്ക് ബി.എസ്.സി. നഴ്സിംഗ് കോഴ്സുകൾക്ക് 850/– രൂപയുമാണ് അപേക്ഷാ ഫീസ്.

4. അപേക്ഷാ ഫീസ് ഓൺലൈൻ പേമെന്റ് വഴിയോ, സൗത്ത് ഇന്ത്യൻ ബാങ്കിലടയ്ക്കാവുന്ന ചലാൻ വഴിയോ അടയ്ക്കാവുന്നതാണ്.

   a. **ഓൺലൈൻ പേമെന്റ് വഴി അപേക്ഷാ ഫീസടക്കുന്നവർ** വെബ്സൈറ്റിൽ ലോഗ്–ഇൻ ചെയ്തതിനു ശേഷം ഓൺലൈൻ പേമെന്റ് ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ബാങ്കിങ് വഴിയോ, UPI / ഡെബിറ്റ് / ക്രെഡിറ്റ് കാർഡ് വഴിയോ പണം അടയ്ക്കുക.

   b. **സൗത്ത് ഇന്ത്യൻ ബാങ്കുവഴി അപേക്ഷാ ഫീസ് അടയ്ക്കുന്നതിന്** വെബ്സൈറ്റിൽ ലോഗ്–ഇൻ ചെയ്ത് വിദ്യാർത്ഥിയുടെ പേരും മറ്റ് വിവരങ്ങളും പൂരിപ്പിച്ച ശേഷം ചലാന്റെ പ്രിന്റ്–ഔട്ട് എടുക്കുക. ഈ ചലാനുപയോഗിച്ച് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കുക. തുടർന്ന് ഓൺലൈൻ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന ഭാഗത്ത് അപേക്ഷാ ഫീസ് അടച്ച ശാഖയുടെ സ്ഥലവും തീയതിയും പൂരിപ്പിക്കുക. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ചലാന്റെ AMCSFNCK കോപ്പിയുടെ ഭാഗം Scan ചെയ്ത് Upload ചെയ്യേണ്ടതാണ്.

5. ഓൺലൈനായി രേഖപ്പെടുത്തേണ്ട വിശദാംശങ്ങൾ (ഉദാ: യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ, മാർക്ക് ഷീറ്റുകൾ, മൈനോരിറ്റി / കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് മുതലായവ) തെളിയിക്കുന്നതിന് **പ്രോസ്പെക്ടസിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ചുള്ള രേഖകളുടേയും സർട്ടിഫിക്കറ്റു കളുടെയും കോപ്പികൾ Scan ചെയ്ത് ഓൺലൈൻ അപേക്ഷയ്ക്കൊപ്പം upload** ചെയ്യേണ്ടതാണ്.

## കോളേജ് ഓപ്ഷൻ രജിസ്ട്രേഷൻ:

**ഓരോ അപേക്ഷകനും പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന കോളെജുകൾ മുൻഗണനാ ക്രമാനുസരണം തിരഞ്ഞെടുക്കാനുള്ള അവസരം അപേക്ഷകരുടെ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചതിനുശേഷം ഓൺലൈനിൽ തന്നെയാണ് ലഭിക്കുക.**

1. പ്രോസ്പെക്ടസിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമപ്രകാരം, 2023 ജൂലൈ 27-നും ആഗസ്റ്റ് 04-നും ഇടയിലാണ് അപേക്ഷകർ തങ്ങളുടെ ഓപ്ഷനുകൾ ഓൺലൈനായി രേഖപ്പെടുത്തേണ്ടത്. ഇതിനായി വ്യക്തിപരമായ അറിയിപ്പുകളൊന്നും ലഭിക്കുന്നതല്ല. അപേക്ഷകർ ഈ ദിവസങ്ങളിൽ വെബ്സൈറ്റ് സന്ദർശിക്കേണ്ടതും, വെബ്സൈറ്റിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഓപ്ഷൻ രേഖപ്പെടുത്തേണ്ടതുമാണ്.

2. ഓരോ അപേക്ഷകനും അവരവരുടെ യൂസർ ഐ.ഡി.യും പുതിയ പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്-ഇൻ ചെയ്താണ് അവർക്ക് താത്പര്യമുള്ള ഓപ്ഷൻ രേഖപ്പെടുത്തേണ്ടത്.

3. **ഓരോ അപേക്ഷകനും താത്പര്യമുള്ള കോളെജുകളിലേക്കു മാത്രം (ഓരാൾക്ക് പരമാവധി പതിനഞ്ച് കോളേജുകളിലേക്ക് ഓപ്ഷൻ നല്കാനുള്ള അവസരമുണ്ട്) ഓപ്ഷൻ രേഖപ്പെടുത്തേണ്ടതാണ്.** ഒരിക്കൽ ഓൺലൈനായി submit ചെയ്തു കഴിഞ്ഞാൽ, പിന്നീട് തിരഞ്ഞെടുത്ത കോളേജുകളോ അവയുടെ മുൻഗണനാ ക്രമമോ മാറ്റുവാൻ സാധിക്കുകയില്ല എന്നതിനാൽ ഓപ്ഷൻ രജിസ്ട്രേഷൻ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്.

## വാർഷിക ഫീസ് ഘടന

- **ബി.എസ്.സി. നഴ്സിംഗ് / പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ്:**
  **73,025 രൂപ ട്യൂഷ്യൻ ഫീസും 23,300 രൂപ സ്പെഷൽ ഫീസും**
- **എം.എസ്.സി. നഴ്സിംഗ്:**
  **1,00,000 രൂപ ട്യൂഷ്യൻ ഫീസും 50,000 രൂപ സ്പെഷൽ ഫീസും**

**പ്രോസ്പെക്ടസിൽ നിർദ്ദേശിച്ചിരിക്കുന്ന രേഖകളുടേയും സർട്ടിഫിക്കറ്റുകളുടെയും കോപ്പികൾ scan ചെയ്ത് upload ചെയ്ത അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കേണ്ട അവസാന തിയതി: 2023 ജൂലൈ 10 (തിങ്കൾ)**

---

കൂടുതൽ വിവരങ്ങൾക്ക്
**www.amcsfnck.com** സന്ദർശിക്കുക

**AMCSFNCK Mobile App** GET IT ON Google Play